## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4210 03.02.2014-ൽ മറുപടിക്ക്

### ജിഡാ ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള പദ്ധതിക്കായി നിർമ്മിക്കുന്ന ഓവർ ഹെഡ് വാട്ടർ ടാങ്കുകൾ

| ചോദ്യം<br>ശ്രീ. എസ്.ശർമ്മ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ജിഡാ ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള പദ്ധതിക്കായി നിർമ്മിക്കുന്ന ഓവർ ഹെഡ് വാട്ടർ ടാങ്കുകൾ എത്രയെണ്ണം പൂർത്തിയായി എന്നു വ്യക്തമാക്കാമോ; | (എ) | ഒരെണ്ണം. സോൺ 2 ൽ മാലിപ്പുറത്തുള്ള 13.80 LL ശേഷിയുള്ള ടാങ്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് |
| (ബി) | കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കേണ്ട തീയതിയിൽ പൂർത്തീകരിക്കാത്ത ടാങ്കുകൾ എതൊക്കെയെന്നും, എത്ര തവണ പ്രസ്തുത കരാറുകാർക്ക് പൂർത്തീകരണ തീയതി ദീർഘിപ്പിച്ചു നൽകിയെന്നും വ്യക്തമാക്കാമോ; | (ബി) | കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കേണ്ട തീയതിയിൽ പൂർത്തീകരിക്കാത്ത ടാങ്കുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മുരിക്കുംപാടം 11.80 LL (സോൺ -1) ന്റെ പൂർത്തീകരണ തീയതി 19.12.2012 വരെ ആയിരുന്നു. ഒരു തവണ 30.09.2013 വരെ ദീർഘിപ്പിച്ചു.<br>2. ഞാറയ്ക്കൽ 17.90 LL (സോൺ 3) ന്റെ പൂർത്തീകരണ തീയതി 25.01.2012 വരെ ആയിരുന്നു. പൂർത്തീകരണ കാലാവധി 30.06.2014 വരെ ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | കരാർ ദീർഘിപ്പിച്ചു നൽകിയതുമൂലം സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടില്ല. |
| (ഡി) | നിശ്ചിത സമയത്തിനുള്ളിൽ ടാങ്ക് നിർമ്മാണം പൂർത്തിയാക്കാത്ത കരാറുകാർക്ക് എതിരെ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കാമോ ? | (ഡി) | മതിയായ കാരണങ്ങളുടെ അഭാവത്തിൽ എഗ്രിമെന്റ് പ്രകാരം ടാങ്ക് നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ പൂർത്തീകരിക്കുവാൻ ബാക്കിയുള്ള പണികളുടെ കരാർ തുകയുടെ 0.5 ശതമാനം ഓരോ ആഴ്ചത്തേയ്ക്ക് എന്ന നിരക്കിൽ മാക്സിമം കരാർ തുകയുടെ 10 ശതമാനം വരെ കരാറുകാരനിൽ നിന്നും ഈടാക്കാൻ കരാറിൽ വ്യവസ്ഥയുണ്ട് |

സെക്ഷൻ ഓഫീസർ